WEC 1-13537/2021

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര , തിരുവനന്തപുരം
തീയതി:12/10/2021
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

## പരിപത്രം

വിഷയം: വനിതാ ശിശുവികസന വകുപ്പ്- സ്ത്രീധന നിരോധന നിയമം 1961-സ്ത്രീധന നിരോധനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 1. സ്ത്രീധന നിരോധന നിയമം 1961

2. കേരള സ്ത്രീധന നിരോധന ചട്ടങ്ങൾ 2004

3. കേരള സ്ത്രീധന നിരോധന (ഭേദഗതി) ചട്ടങ്ങൾ 2021

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം 1961 ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തുകയും, സ്ത്രീധന നിരോധന (ഭേദഗതി )ചട്ടങ്ങൾ 2021 നിലവിൽ വരികയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലേയും ജില്ലാ വനിതാ ശിശുവികസന ആഫീസർമാരെ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്. സ്ത്രീധന നിരോധനവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2004 ലെ കേരള സ്ത്രീധന നിരോധന ചട്ടങ്ങൾ 6 (ii) പ്രകാരം പരാതിക്കാരിയോ, മാതാപിതാക്കളോ ബന്ധുക്കളോ, സ്ത്രീധന നിരോധന നിയമ പ്രകാരം സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ക്ഷേമ സ്ഥാപനങ്ങൾ മുഖേനയോ സ്ത്രീധന നിരോധന നിയമവുമായി ബന്ധപ്പെട്ട് നേരിട്ടോ ലഭ്യമാകുന്ന എല്ലാ പരാതികളും ജില്ലാ സ്ത്രീധന നിരോധന ആഫീസർമാർ സ്വീകരിക്കേണ്ടതാണ്.

2. സ്ത്രീധന നിരോധന നിയമ പ്രകാരം ജില്ലാ സ്ത്രീധന നിരോധന ഓഫീസർക്ക് ലഭിക്കുന്ന എല്ലാ പരാതികളും, അന്വേഷണത്തിന്റെ വിശദാംശവും തുടർനടപടിയുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളും, Annexure-I പ്രൊഫോർമ പ്രകാരം രജിസ്റ്റർ സൂക്ഷിക്കേണ്ടതും പരാതിയുടെ സ്റ്റാറ്റസ് കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

sree

3. ഓരോ പരാതിക്കും പ്രത്യേകം കേസ് ഫയലുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം സൂക്ഷിക്കേണ്ടതാണ്.

4. ഹിയറിംഗ് ദിവസമോ, ഹിയറിംഗ് മാറ്റിവച്ച ദിവസമോ പരാതിക്കാരിയോ, എതിർകക്ഷിയോ ഹാജരായില്ലെങ്കിൽ പ്രസ്തുത വിവരം കേസ് ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

5. ഓരോ കേസിലും സമയബന്ധിതമായി (30 ദിവസത്തിനുള്ളിൽ) നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്. (എൻക്വയറി, ഹിയറിംഗ് മുതലായവ).

6. ജില്ലാ സ്ത്രീധന നിരോധന ഓഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് സ്ത്രീധന നിരോധന നിയമവുമായി ബന്ധപ്പെട്ട പരാതികളിൽ വനിതാ സംരക്ഷണ ഓഫീസർ നിർബന്ധമായും സമയബന്ധിതമായും അന്വേഷണം നടത്തി റിപ്പോർട്ട് നൽകേണ്ടതാണ് .

7. കോടതിയിൽ റിപ്പോർട്ട് ഫയൽ ചെയ്യേണ്ട കേസുകളിൽ അന്വേഷണ റിപ്പോർട്ട് സൂക്ഷ്മതയോടെ തയ്യാറാക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷനുമായി ഒരു കൂടിക്കാഴ്ച്ച നടത്തേണ്ടതും, കോടതി നടപടികളെക്കുറിച്ച് വേണ്ട മാർഗ്ഗനിർദ്ദേശം സ്വീകരിക്കേണ്ടതുമാണ്. ബഹു : ജില്ലാ ജഡ്ജിയെ നേരിട്ട് കണ്ട് ഇക്കാര്യത്തിൽ കോടതി മുൻപാകെ റിപ്പോർട്ട് ഫയൽ ചെയ്യുന്ന വിവരം അറിയിക്കേണ്ടതുമാണ്.

8. പോലീസ് മുൻപാകെ വരുന്ന സ്ത്രീധന നിരോധനവുമായി ബന്ധപ്പെട്ട കേസുകളിലും കോടതി മുൻപാകെ വിചാരണക്ക് വരുന്ന കേസുകളിലും പ്രോ ആക്ടീവായി ഇടപെടൽ നടത്തി പരാതിക്കാരിക്ക് നീതി ഉറപ്പാക്കുന്നതിനുതകുന്ന നടപടി സ്വീകരിക്കേണ്ടതാണ് .

9. Annexure II പ്രൊഫോർമയിൽ എല്ലാ മാസവും 5 ആം തീയതിക്കു മുൻപായി സ്ത്രീധന നിരോധന നിയവുമായി ബന്ധപ്പെട്ട പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.7/21,8/21,9/21 മാസങ്ങളിലെ റിപ്പോർട്ട് കൂടി നൽകേണ്ടതാണ് .

10. ജില്ലാ സ്ത്രീധന നിരോധന ആഫീസർ MSK, WPO, ICDS,ICPS മുതലായ വകുപ്പിന്റെ ഘടകങ്ങളെ കോർത്തിണക്കിക്കൊണ്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഫണ്ട് ആവശ്യമുള്ള പക്ഷം പ്രൊപ്പോസൽ തയ്യാറാക്കി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

sree

11. പരാതികൾ ലഭ്യമാകുമ്പോൾ അവയ്ക്ക് ഗാർഹിക പീഡന നിയമത്തിനു കീഴിൽ വനിതാ സംരക്ഷണ ആഫീസർ ലഭ്യമാക്കേണ്ട പരിഹാരമാർഗ്ഗങ്ങൾ, പോലീസ് മുഖേന ക്രിമിനൽ നടപടിയുടെ ആവശ്യകത എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ബന്ധപ്പെട്ടവർക്ക് റഫർ ചെയ്യേണ്ടതാണ്.

**വനിതാ ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

എല്ലാ ജില്ലാ വനിതാ സംരക്ഷണ ഓഫീസർമാർക്കും

എല്ലാ സി ഡി പി ഒ മാർക്കും

sree

## Annexure I

| Sl No | Month /Year | Date of Complaint received | Complaints received by(Person,Messenger, Post or any Other) | Complaints filed by (Party,Parent,Others, relatives, Recognised Institutions) | Nature of Complaint<br>1. Giving and Taking Dowry(Sn3)<br>2.Demand Dowry(Sn4)<br>3. Advertisement (Sn4A)<br>4. Agreement(Sn5)<br>5.Non Transfer of Dowry(Sn6)<br>6.Any Other | Name & Address of the Petitioner |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

P.T.O

| Name & Address of the Respondent(S) | Name & Address of the Witness | Date when Enqiry Conducted | Name & Designation of the Officer Conducted Enquiry . | Date of Notice issued | Notice served to | Notice served by |
|---|---|---|---|---|---|---|
| 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | |

| Date,Time& Place of Hearing and Name & Address of Petitioner, respondent, Witness attended hearing . | Dated signature of petitioner, Respondent, Witness attended hearing. | Preventive Remedial measure taken after hearing | Whether parties complied with the order or direction of DDPO within the stipulated Time(Y/N) | If not, Further action taken | Cases forwarded to | | | | Whether complaint dismissed. Give Reason. |
|---|---|---|---|---|---|---|---|---|---|
| | | | | | Magistrate | Police | WPO | If others mention | |
| 15 | 16 | 17 | 18 | 19 | 20 | | | | 21 |
| | | | | | | | | | |

ANNEXURE II

# Dowry Prohibition Act 1961

## Monthly Report

District:

| Month/Year | No of cases registered | | Nature of Complaint Received | | No of Cases Disposed | No of Cases Settled | No of Cases Pending | No of Cases forwaded to | | | | No. of Awareness Programmes conducted | No of People covered | Date of Advisory Board convened | No. of Declaration received from HOD's (Once in Six month) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | TOTAL | This month | Sections | No of Cases | | | | Magistrate | Police | WPO | If Others Mention | | | | |
| | | | Sn3 | | | | | | | | | | | | |
| | | | Sn4 | | | | | | | | | | | | |
| | | | Sn4A | | | | | | | | | | | | |
| | | | Sn5 | | | | | | | | | | | | |
| | | | Sn6 | | | | | | | | | | | | |
| | | | Others | | | | | | | | | | | | |

Date :

District Dowry Prohibition Officer